**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2724** **06-10-2025 - ൽ മറുപടിയ്ക്ക്**

**പഴയ പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതി പദ്ധതിയായ പള്ളിവാസൽ ജലവൈദ്യുതി പദ്ധതിയുടെ പഴയ പവർഹൗസ് കെട്ടിടവും അനുബന്ധ യന്ത്രസാമഗ്രികളുടെ കൺട്രോൾ റൂമും നാശത്തിന്റെ വക്കിലെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പഴയ പവർ ഹൗസ് കെട്ടിടത്തിൽ തന്നെയാണ് നിലവിൽ പള്ളിവാസൽ വൈദ്യുതി നിലയം പ്രവർത്തിക്കുന്നത്. പഴയ പവർ ഹൗസ് കെട്ടിടവും അനുബന്ധ യന്ത്ര സാമഗ്രികളുടെ കൺട്രോൾ റൂമും സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളു-ന്നതാണ്. പള്ളിവാസൽ വൈദ്യുത നിലയത്തിന്റെ പഴക്കം ചെന്ന പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്പെടുത്താവുന്ന രീതിയിൽ പ്രസ്തുത പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി എന്ന നിലയിൽ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഒരു പോലെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ വൈദ്യുത നിലയം ഒരു മ്യൂസിയത്തിന്റെ മാതൃകയിൽ മാറ്റുവാനുള്ള വിപുലമായ സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ